# കേരള സർവകലാശാല

നം.പി.ആർ.243/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം : മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയിൽ നടത്തിയ മൂന്നാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ ഓഫീസിൽ ഡിസംബർ 26, 27, 28 തീയതികളിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റണം.

### എം.എസ്സി സി.എൻ.ഡി ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയിൽ നടത്തിയ ഒന്നാം വർഷ എം.എസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്ററ്റിക്സ് പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എച്ച്.ആർ.എം പരീക്ഷാകേന്ദ്രം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2017 ജനുവരി നാലിന് തുടങ്ങുന്ന ഒന്നാം വർഷ എം.എച്ച്.ആർ.എം (സപ്ലിമെന്ററി) പരീക്ഷയുടെ കേന്ദ്രം പാളയം വിദൂരവിദ്യാഭ്യാസ വിഭാഗമായിരിക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നിന്ന് കൈപ്പറ്റണം.

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല 2017 ജനുവരി നാലിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ആറാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) – (കോമൺ ഫോർ മേഴ്സിചാൻസ്) (2011–12–ന് മുമ്പുള്ള അഡ്മിഷനുകൾ) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### കമ്പ്യൂട്ടർ ലാബ് ഇൻസ്ട്രക്ടർ ഒഴിവ്

കേരള സർവകലാശാലയുടെ യു.ഐ.ടി കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ ലാബ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഒരുവർഷത്തെ കരാറടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. അവസാന തീയതി 2017 ജനുവരി ഏഴ് വൈകുന്നേരം അഞ്ച് മണി. യോഗ്യത, പ്രായം, ഫീസ് മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### പി.ജി. ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി. പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

22.12.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098